STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.62/PR/SPMC/PHQ/2023 Date: 31.05.2023

## ഫോറൻസിക് സയൻസ് ലബോറട്ടറി
## ജോയിന്റ് ഡയറക്ടർ പി.ഷാജി വിരമിച്ചു

തിരുവനന്തപുരം ഫോറൻസിക് സയൻസ് ലബോറട്ടറി ജോയിന്റ് ഡയറക്ടർ പി.ഷാജി സർവ്വീസിൽ നിന്ന് വിരമിച്ചു. നിരവധി കേസുകളിൽ നിർണ്ണായക തെളിവുകൾ കണ്ടെത്താൻ പോലീസിനെ സഹായിച്ച ഷാജി 24 വർഷത്തെ സേവനത്തിന് ശേഷമാണ് വിരമിച്ചത്.

1999 ൽ സയന്റിഫിക് ഓഫീസർ ആയി സർവ്വീസിൽ പ്രവേശിച്ച ഇദ്ദേഹം കണ്ണൂർ റീജിയണൽ ഫോറൻസിക് ലബോറട്ടറി തലവൻ, തൃശ്ശൂരിലെ കേരളാ പോലീസ് അക്കാഡമിയിൽ സൈബർ ഫോറൻസിക് വിഭാഗം തലവൻ എന്നീ നിലകളിൽ സേവനം അനുഷ്ടിച്ചു.

ഏറെ ജനശ്രദ്ധയാർജ്ജിച്ച പാലക്കാട്ടെ മധുവിന്റെ ആൾക്കൂട്ടക്കൊലപാതകം, ആറ്റിങ്ങൽ ഇരട്ടക്കൊലപാതകം എന്നീ കേസുകളിൽ പി.ഷാജി നൽകിയ സൈബർ പരിശോധന റിപ്പോർട്ട് കോടതിയുടെ പ്രത്യേക അനുമോദനത്തിന് അർഹമായി.

**ഫോട്ടോക്യാപ്ഷൻ :** സർവ്വീസിൽ നിന്ന് വിരമിച്ച തിരുവനന്തപുരം ഫോറൻസിക് സയൻസ് ലബോറട്ടറി ജോയിന്റ് ഡയറക്ടർ പി.ഷാജി.

*************************